സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകത്തക്കവിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ

176 (2385) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് സെൻററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്റ്റാഫ്, ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ (OHRC) ഫാക്ടറി തൊഴിലാളികളിൽ ഉണ്ടാകാൻ സാധ്യതയുള്ളതും ഫാക്ടറി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്നതുമായ 29 തരം തൊഴിൽജന്യരോഗങ്ങൾ ഗവേഷണം നടത്തി കണ്ടെത്തി അവയെ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള സ്ഥാപനമാണ് ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ആയതിന്റെ ഉദ്ഘാടനം 10-10-2014-ന് നടന്നിട്ടുള്ളതുമാണ്. 2014-15-ൽ ടി സെന്ററിനുവേണ്ടി മെഡിക്കൽ ഉപകരണങ്ങളും, ലാബ് ഉപകരണങ്ങളും വാങ്ങുന്നതിനായി 2 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ടി സാമ്പത്തിക വർഷം ഉപകരണങ്ങൾ എല്ലാം വാങ്ങുകയും ചെയ്തിട്ടുണ്ട്. 2015-16 കാലയളവിൽ ക്രഷർ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ കണ്ടുവരുന്ന സിലിക്കോസിസ്, കശുവണ്ടി ഫാക്ടറികളിൽ കണ്ടുവരുന്ന തൊഴിൽ ജന്യ രോഗങ്ങൾ എന്നിവ കണ്ടുപിടിക്കുന്നതിനായി ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സർവ്വേ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) ടി സ്ഥാപനത്തിൽ ആവശ്യമായ ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിലേയ്ക്ക് കോൺടാക്ട് വ്യവസ്ഥയിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly